# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| ഫെബ്രുവരി 15 / February 15 | 2019 |
|---|---|

*1193 കുംഭം 03* വെള്ളി

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## കാർഷിക സമൃദ്ധിയുടെ നിറക്കാഴ്ചകൾ ഒരുക്കി

## പുനർനവ കാർഷികമേള ഇന്നു തുടങ്ങും

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കാസർകോട് ആത്മയും ഐസിഎആർ- സി പി സി ആർ ഐയും കൃഷി വിജ്ഞാൻ കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന പുനർനവ കാർഷിക മേള ഇന്ന് (ഫെബ്രുവരി 16) തുടങ്ങും. റവന്യൂ- ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ മേളയുടെ ഉദ്ഘാടനം രാവിലെ 10.30 ന് കാസർകോട് സി പി സി ആർ ഐയിൽ നിർവ്വഹിക്കും. ചടങ്ങിൽ എൻ എ നെല്ലിക്കുന്ന് എം എൽ എ അധ്യക്ഷത വഹിക്കും. കാർഷിക പ്രദർശനോദ്ഘാടനം പി കരുണാകരൻ എം പി നിർവ്വഹിക്കും. സെമിനാർ ഉദ്ഘാടനം കെ കുഞ്ഞിരാമൻ എംഎൽഎയും ജൈവ കൃഷി അവാർഡ് ദാനം എം രാജഗോപാലൻ എംഎൽഎയും നിർവ്വഹിക്കും.

കാർഷിക സമൃദ്ധിയുടെ നിറക്കാഴ്ചകളൊരുക്കി സന്ദർശകരെ വരവേൽക്കാൻ മേളയിൽ 60 ഓളം സ്റ്റാളുകളാണ് ഒരുക്കിയിരിക്കുന്നത്. ഇതിൽ സി പി

സി ആർ ഐയുടെയും കേരള കാർഷിക സർവകലാശാലയുടെയും മണ്ണ് സംരക്ഷണ വിഭാഗത്തിന്റെയും തുടങ്ങിയ വിവിധ സ്ഥാപനങ്ങളുടെയും സ്റ്റാളുകൾ ഉണ്ടാകും. ഈ മാസം 19 വരെ നടക്കുന്ന മേളയിൽ രാവിലെ 10 മുതൽ രാത്രി 7.30 വരെയാണ് സന്ദർശകർക്കുള്ള പ്രവേശന സമയം

മണ്ണൊലിപ്പ് , കൃഷി സ്ഥലത്തെ വന്യ മൃഗശല്യം തുടങ്ങി കർഷകർ അഭിമുഖീകരിക്കുന്ന കൃഷി സംബന്ധമായ പ്രശ്നങ്ങൾക്കുള്ള കണ്ടുപിടിത്തങ്ങളും , 20 സ്വയം സഹായ സംഘങ്ങളുടെ വിവിധ കാർഷിക ഉത്പന്നങ്ങളുടെ നേഴ്സറികളും,ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയ അലങ്കാര ചെടികളും വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മേളയിൽ ഉണ്ടായിരിക്കും. വിവിധതരം നാടൻ വിത്തിനങ്ങളും ജൈവ കീടനാശിനിയുടെ പ്രദർശനവും വിപണനവും മേളയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. പുഷ്പ -ഫല സസ്യങ്ങളുടെ പ്രദർശനവും വിപണനവും മേളയുടെ മുഖ്യ ആകർഷണമാണ്. ചെമ്പരത്തി ജ്യൂസ്,കൂൺ ഉത്പന്നങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിന്റെ ലൈവ് ടമോൺസ്ട്രേഷനും ഉണ്ടാകും.കുടുംബശ്രീയുടെ ഫുഡ് കോർട്ടും മേളയുടെ ഭാഗമായിരിക്കും

ഇന്നു മുതൽ ഈ മാസം 19 വരെയുള്ള ദിവസങ്ങളിൽ കാർഷിക പ്രശ്നോത്തരി , മുഖാമുഖം , സെമിനാർ തുടങ്ങിയ വിവിധ പരിപാടികൾ മേളയുടെ ഭാഗമായി നടക്കും .ഈ മാസം 19 ന് ഉച്ചയ്ക്ക് മൂന്നിന് നടക്കുന്ന മേളയുടെ സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് ഉദ്ഘാടനം ചെയ്യും . സി പിസി ആർ ഐ ഡയറക്ടർ ഡോ അനിത കരുൺ അധ്യക്ഷത വഹിക്കും .ജില്ലാ കളക്ടർ ഡോ സജിത് ബാബു മുഖ്യാതിഥിയായിരിക്കും.

## പ്രീമെട്രിക് സ്കോളർഷിപ്പിന് 17 വരെ അപേക്ഷിക്കാം

ഈ അദ്ധ്യയന വർഷം ജില്ലയിലെ സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പദ്ധതി പ്രകാരമുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു.സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ പഠനം നടത്തി വരുന്നതും വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ താഴെ ഉള്ളതുമായ ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്കൂൾ മേധാവി മുഖേന അപേക്ഷ ഫെബ്രുവരി 17 നകം കാസർകോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04994 255466 ഫോൺ നമ്പറിലോ, കാസർകോട്,എൻമകജെ,പനത്തടി,നീലേശ്വരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുമായോ ബന്ധപ്പെടാവുന്നതാണ്. സ്ഥാപന മേധാവികൾ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ സമർപ്പിക്കുന്ന ലിസ്റ്റിൽ വിദ്യാർത്ഥികൾ ഹോസ്റ്റലർ ആണോ, ഡേ സ്കോളർ ആണോ

എന്നും സ്ഥാപനമേധാവിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തണം.

## പ്രതിമാസ ധനസഹായം വിതരണം ചെയ്യും

ആചാരസ്ഥാനികർക്കും കോലധാരികൾക്കും 2018 ആഗസ്ത് മാസം മുതൽ 2018 ഡിസംബർമാസം വരെയുള്ള പ്രതിമാസ ധനസഹായം മലബാർ ദേവസ്വം ബോർഡ് കാസർകോട് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണറുടെ നീലേശ്വരത്തുള്ള ഓഫീസിൽ നിന്ന് ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് താലൂക്കിൽപ്പെട്ടവർക്ക് ഫെബ്രുവരി 21,26 തീയ്യതികളിലും,കാസർകോട്, മഞ്ചേശ്വരം താലൂക്കിൽപ്പെട്ടവർക്ക് 22,27 തീയ്യതികളിലുമായി ഉച്ചക്ക് ഒന്നു വരെ വിതരണം ചെയ്യും. ബന്ധപ്പെട്ട ആചാരസ്ഥാനികർ/കോലധാരികൾ ദേവസ്വം ബോർഡ് അനുവദിച്ച ഐഡന്റിറ്റി കാർഡ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം,അന്നേ ദിവസങ്ങളിൽ ഓഫീസിൽ ഹാജരായി ധനസഹായം കൈപ്പറ്റണമെന്ന് കാസർകോട് അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു.ആചാരസ്ഥാനികർ ബന്ധപ്പെട്ട ക്ഷേത്ര ഭരണാധികാരിയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണം.

## നൂതന സംരംഭക ആശയങ്ങളുമായി കാസർകോട് ഹാക്കത്തോൺ.

കേരള സ്റ്റാർട്ടപ്പ് മിഷനും കാസർകോടിലെ സ്റ്റാർട്ടപ്പ് സംരംഭകരുടെ കൂട്ടായ്മയായ കാസർകോട് കൂട്ടായ്മയും മാന്യ വിൻ ടെച്ച് പാം മെഡോസിൽ സംഘടിപ്പിച്ച 'ഹാക്ക് ഇൻ 50 ഹവേർസ് ഹാക്കത്തോൺ' സ്റ്റാർട്ടപ്പ് മേഖലയിലെ നവാഗതർക്കും വിദ്യാത്ഥികൾക്കും നവ്യാനുഭവമായി.58 അപേക്ഷകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 24 ടീമുകളാണ് ഹാക്കത്തോണിൽ പങ്കെടുത്തത് . കർണാടകയിൽ നിന്നുള്ള വിദ്യാർത്ഥികളും സ്റ്റാർട്ടപ്പുകളും ഹാക്കത്തോണിൽ പങ്കെടുത്തു.ബിസിനസ് സാധ്യതയുള്ളതും സാമൂഹികമായ പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതുമടക്കം പുതിയ ആശയങ്ങളുമായി എത്തിയ നവാഗതർക്കും കോളേജ് വിദ്യാർത്ഥികൾക്കും ഹാക്കത്തോൺ മുന്നോട്ടുള്ള വഴിയിൽ വെളിച്ചം വിതറുന്നതായി.ചിട്ടികൾ ഫലപ്രദമായി കൈകാര്യം ചെയ്യാനും ഫണ്ട് റൈസിംഗ് പ്ലാറ്റുഫോമുമായ ചിറ്റ് മീ യെ ഹാക്കത്തോണിലെ മികച്ച ടീമായി തിരഞ്ഞെടുത്തു.കാസർകോട് എൽ ബി എസ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളാണ് ചിറ്റ് മി വികസിപ്പിച്ചെടുത്തത് .കർഷകർക്ക് സി.എസ്.ആർ ഫണ്ട് ലഭ്യമാക്കി ഫലപ്രദമായി കൃഷി നടത്താൻ സഹായിക്കുന്ന ഫാംസ്റ്റോക് ,ഫിൻ ടെക് രംഗത്ത് അനേകം സാധ്യതകളുള്ള ഇന്റഗ്രേറ്റഡ് ലോയൽറ്റി കാർഡ്,എയർ കണ്ടീഷണർ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമായി നിർമ്മിച്ചെടുത്ത സ്മാർട്ട് വെന്റ് തുടങ്ങിയ ടീമുകളെ മോസ്റ്റ്

പ്രോമിസിംഗ് സ്റ്റാർട്ടപ്പുകളായി തിരഞ്ഞെടുത്തു.മികച്ച 4 സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ് മിഷന്റെ ഇൻക്യൂബേഷൻ സപ്പോർട്ടും കാസറകോട് കമ്മ്യൂണിറ്റി സ്ഥാപകരുടെ മെന്ററിങ് സപ്പോർട്ടും ലഭിക്കും .

## ഗ്രാമസഭ ചേരും

മധൂർ ഗ്രാമപഞ്ചായത്ത് 2019-20 വാർഷീക പദ്ധതി വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പദ്ധതികൾക്ക് അപേക്ഷ ക്ഷണിക്കുന്നതിന് ഫെബ്രുവരി 26 വരെ വിവിധ വാർഡുകളിലായി ഗ്രാമസഭായോഗം ചേരും .ഗ്രാമസഭകളിൽ മുഴുവൻ ഗ്രാമസഭാംഗങ്ങളും പങ്കെടുക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

പട്ടികവർഗ്ഗ വികസന വകുപ്പും തലശ്ശേരിയിലെ എൻ ടി ടി എഫും സംയുക്തമായി നടത്തുന്ന ഒരു വർഷത്തെ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി പാസ്സായ പട്ടിക വർഗ്ഗത്തിൽപ്പെട്ട 17 മുതൽ 25 വയസ്സ് വരെ പ്രായമുള്ള യുവതി-യുവാക്കൾക്കാണ് മെഷീനിസ്റ്റ്, സി എൻ സി മെഷീനിസ്റ്റ്, ഫിറ്റർ മെക്കാനിക്കൽ അസംബ്ലി, ഫാബ്രിക്കേഷൻ എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നത്.താൽപര്യമുള്ളവർ ഈ മാസം 18 ന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ രാവിലെ പത്തിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പും, ഫോട്ടോയും സഹിതം ഹാജരാകണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം എന്നിവ സൗജന്യവുമായിരിക്കും.ഇതു സംബന്ധിച്ച ബോധവൽക്കരണ ക്ലാസും കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയും അന്നേ ദിവസം നടത്തും.

(തുടരും )




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**